# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 807 | 04.03.2020-ൽ മറുപടിയ്ക്ക്.

## പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീമതിപി. അയിഷാ പോറ്റി<br>ശ്രീ.ജോർജ് എം. തോമസ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വേനൽ കടുത്തതോടെ സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ കുറവു വരികയും മിൽമ വഴിയുള്ള പാൽ വിതരണത്തിൽ കുറവു സംഭവിക്കുകയും ചെയ്തത് പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന താല്ക്കാലിക മാർഗങ്ങൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ച കാരണം ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടില്ലെങ്കിലും പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായ സാഹചര്യത്തിൽ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും പ്രതിദിനം 2.45 ലക്ഷം ലിറ്റർ പാൽ കൂടുതലായി സംഭരിച്ച് കുറവ് താൽക്കാലികമായി പരിഹരിച്ചുവരുന്നു. |
| (ബി) ദീർഘകാലാടിസ്ഥാനത്തിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനു നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (ബി) ദീർഘകാലാടിസ്ഥാനത്തിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>2) തീറ്റപ്പുൽക്കൃഷി വികസന പദ്ധതികൾ<br>3) കാലിത്തീറ്റ സബ്സിഡി<br>4) കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>5) അവശ്യാധിഷ്ഠിത സഹായപദ്ധതികൾ<br>6) ഹീഫർ പാർക്ക്<br>7) ക്ഷീരഗ്രാമം<br>8) ക്ഷീരകർഷകർക്കായുള്ള ബോധവൽക്കരണ പരിപാടികൾ<br>9) ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>10) സമഗ്ര ഇൻഷ്വറൻസ് പദ്ധതി<br>11) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പദ്ധതികൾ<br>ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം. ക്ഷീരകർഷക ക്ഷേമനിധി അവാർഡുകൾ, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.<br>മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ കിടാരി ദത്തെടുക്കൽ പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ |

വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കാലിത്തീറ്റ സബ്സിഡി, കന്നുകാലികളെ അന്യസംസ്ഥാനത്ത് നിന്നും കൊണ്ടു വരുന്നതിന് കടത്തുകൂലി, വികേന്ദ്രീകരണ മൃഗ ചികിത്സാ യൂണിറ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

എറണാകുളം മേഖല യൂണിയൻ വേനൽക്കാല ഇൻസെന്റീവ്, ലോൺ എടുത്ത് പശുക്കളെ വാങ്ങുന്നവർക്ക് കന്നുകാലി ലോൺ പലിശ സബ്സിഡി, ഫാമുകളുടെ യന്ത്രവൽക്കരണത്തിന് നൽകുന്ന ധനസഹായം, 50 ലിറ്ററിൽ കൂടുതൽ പാൽ അളക്കുന്ന ഫാം സെക്ടർ കർഷകർക്ക് ലിറ്ററിന് 20 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്, വൈക്കോൽ വിതരണത്തിനും പ്രത്യേക സംവിധാനങ്ങളും സബ്സിഡിയും നൽകുന്നുണ്ട്.

മലബാർ മേഖല യൂണിയൻ കിടാരി സംരക്ഷണ പദ്ധതി 50% ധനസഹായത്തോടെ കന്നുകുട്ടികൾക്ക് ആവശ്യമായ കാലിത്തീറ്റ 1½ വർഷക്കാലത്തേക്ക് നൽകിക്കൊണ്ട് 5000 പശുക്കുട്ടികളെ പരിപാലിച്ചു വരുന്നു. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നീ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ട് ഉപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകിയിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുപരിപാലനത്തിന് കറവമാടുകൾ, തൊഴുത്ത്, കാലിത്തീറ്റ, ഇൻഷ്വറൻസ് എന്നിവ സൗജന്യമായി നൽകി വരുന്നു. ഫാം സപ്പോർട്ട് സബ്സിഡി വഴി മലബാർ യൂണിയൻ കൂടുതൽ പശുക്കൾ ഉള്ള ആധുനിക ഡയറി ഫാമുകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. വിവിധ പദ്ധതികൾ വഴി വർദ്ധിച്ചുവരുന്ന പാൽ ശീതീകരിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചു വരുന്നു. അധികമായി വരുന്ന പാൽ സംസ്കരിക്കുന്നതിനും പുതിയ മൂല്യവർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5 ഏക്കർ സ്ഥലത്ത് വ്യാവസായിക പുൽകൃഷി നടത്തുന്നവർക്ക് പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു. ക്ഷീരകർഷകർക്ക് ആവശ്യമായ പച്ചപ്പുല്ലിന് പുറമേ ചോള സൈലേജ്, വൈക്കോൽ എന്നിവ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് സബ്സിഡി നിരക്കിൽ എത്തിച്ചു നൽകുന്നു. കന്നുകാലികൾക്കാവശ്യമുള്ള ഗുണമേന്മയുള്ള വിവിധതരം പിണ്ണാക്കുകൾ,

ചോളപ്പൊടി, തവിടുകൾ ഇവയെല്ലാം ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിതരണം ചെയ്തു വരുന്നു. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങളിലെ കർഷകരിൽ നിന്നും മിൽമയുടെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ് വഴി പഴം, പച്ചക്കറി, മുട്ട എന്നിവ സംഭരിച്ച് വിപണിയിലെത്തിക്കുന്നു. ഫീഡ് സപ്ലിമെന്റുകളായ വിവിധയിനം ധാതുലവണ മിശ്രിതങ്ങൾ, മീനെണ്ണ എന്നിവ ക്ഷീര സംഘങ്ങൾക്ക് വിതരണം ചെയ്യുന്നു. കുത്തിവയ്പ്പിനാവശ്യമായ കൃത്രിമ ബീജാധാന സെന്ററുകൾ സംഘങ്ങൾ വഴി നടത്തുകയും കർഷകരുടെ വീട്ടിലെത്തി കുത്തിവയ്പ്പ് സൗകര്യങ്ങൾ നൽകി വരികയും, ബീജമാത്രകളുടെ വില കർഷകർക്ക് തിരികെ നൽകുകയും ചെയ്യുന്നു.

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും മിതമായ വിലയ്ക്ക് ആവശ്യാനുസരണം കാലിത്തീറ്റ ലഭ്യമാക്കുന്നതിനും ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പുവരുത്തി പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനായി 20 സെന്റിൽ കൂടുതൽ തീറ്റപ്പുൽക്കൃഷി ചെയ്യുന്ന കർഷകർക്ക് പുൽക്കടകളുടെ വിലയുൾപ്പെടെ ഹെക്ടറിന് 21500/- രൂപ ധനസഹായം നൽകുന്നു. കൂടാതെ പുൽകൃഷി ചെയ്യുന്നതിന് താല്പര്യമുള്ള കർഷകർക്കും സൗജന്യമായി പുൽക്കടകൾ ലഭ്യമാക്കുന്നുണ്ട്.

ക്ഷീരസംഘങ്ങൾ മുഖേനയോ, മറ്റ് സ്വാശ്രയ ഗ്രൂപ്പുകൾ മുഖേനയോ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ തീറ്റപ്പുല്ലും വിതരണം നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. 2019-2020-ൽ 70 ഹെക്ടർ തരിശ് സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തിയിട്ടുണ്ട്.

കാലിത്തീറ്റ വൃക്ഷവിളകൾ കൃഷി ചെയ്യുന്നതിനും അസോളകൃഷി ചെയ്യുന്നതിനാവശ്യമായ സഹായവും കർഷകർക്ക് നൽകുന്നുണ്ട്.

മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളം, പുല്ല് എന്നിവയുടെ വിത്തുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെ പുൽ വിത്തുകൾ നൽകി വരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണനിലവാരമുള്ള കാലിത്തീറ്റ മിതമായ വിലയ്ക്ക് കാലിത്തീറ്റ ഫാക്ടറിയിൽ നിന്നും ലഭ്യമാക്കി വരുന്നു.

| | | |
|---|---|---|
| | | എറണാകുളം മേഖല യൂണിയൻ കറഞ്ഞ നിരക്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൈക്കോൽ സംഭരിച്ച് സംഘങ്ങൾ മുഖേന വിതരണം നടത്തുന്നുണ്ട്.<br>മലബാർ മേഖല യൂണിയൻ കാലിത്തീറ്റ വില വർദ്ധനവ് മൂലം കർഷകർക്കുണ്ടാകുന്ന പാലുല്പാദന ചെലവിലെ വർദ്ധനവിന് പരിഹാരമായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ വലിയ സബ്സിഡിയോടെ കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച് നൽകുന്നുണ്ട്. |
| (ഡി) | പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് മിൽമയെ ആനന്ദ് മാതൃകയിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (ഡി) മിൽമ ആനന്ദ് മാതൃകയിലാണ് പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**